# STD - VIII

## അദ്ധ്യാപക സഹായി

## പാഠം – മൂന്ന്  മതപീഡനങ്ങൾ  ഭാഗം – ഒന്ന്

### ലക്ഷ്യം

പീഡനങ്ങളിലൂടെയും മതമർദ്ദനങ്ങളിലൂടെയും ക്രിസ്തുവിന്റെ സഭ തളരുകയല്ല, വളരുകയാണ് ചെയ്തത്. അനുദിന ജീവിതത്തിലെ പീഡനങ്ങൾ സഹിച്ച്, ക്രിസ്തുവിനു വേണ്ടി സാക്ഷ്യം വഹിക്കും.

### പഠന സഹായികൾ

* വചനം – മത്താ. 2:3; 2:16, മർക്കോ. 1:14; 6:26–28
* ഗ്രഹാം സ്റ്റെയിൻസും കുടുംബത്തിന്റെയും, ഫാദർ അരുൾദാസിന്റെയും ചിത്രങ്ങൾ, കഥ – വീഡിയോ അവതരണം
* ചാർട്ട് – രക്തസാക്ഷികളും മതമർദ്ദനവും

### പാഠത്തിന്റെ ഉള്ളടക്കം

* അപ്പസ്തോലന്മാരുടെ രക്തസാക്ഷിത്വം
* മതമർദ്ദന കാരണങ്ങൾ – മതപരവും, മതേതരവും.
* പ്രധാന മതമർദ്ദനങ്ങളും ആദ്യകാല രക്തസാക്ഷികളും.

### പ്രാർത്ഥന

കർത്താവായ ദൈവമേ, യേശുവിനായി ജീവത്യാഗം ചെയ്ത് രക്തസാക്ഷികളായ അപ്പസ്തോലന്മാരെപ്പോലെ, പീഡാസഹനങ്ങളിൽ വിശ്വാസം മുറുകേ പിടിക്കാനും, സഭയോട് ചേർന്ന് നിന്നുകൊണ്ട് സാക്ഷ്യം നൽകുവാനും വേണ്ട കൃപ ഞങ്ങൾക്ക് നൽകണമേ.

### ചോദ്യങ്ങൾ

1. അപ്പസ്തോലന്മാരെ രക്തസാക്ഷിത്വം വരിക്കാൻ പ്രേരിപ്പിച്ച കാരണങ്ങൾ എന്താണ്?
2. മതമർദ്ദനങ്ങൾക്കു പിന്നിലുള്ള മതപരമായ കാരണങ്ങൾ ഏവ?
3. ഡയോക്ലിഷൻ ചക്രവർത്തിയുടെ കാലത്ത് രക്തസാക്ഷിത്വം വരിച്ചവർ ആരെല്ലാമാണ്?
4. അപ്പസ്തോലന്മാരായ വി. പത്രോസും, വി. പൗലോസും രക്തസാക്ഷികളായതെങ്ങനെ?
5. റോമൻ ചക്രവർത്തിമാരായ നീറോ, മാർക്കസ് ഔറേലിയസ് എന്നിവരുടെ കാലത്തുണ്ടായ മതമർദ്ദനങ്ങളുടെ സ്വഭാവം വിവരിക്കുക.

# STD - VIII

## അദ്ധ്യാപക സഹായി

## പാഠം – മൂന്ന്     മതപീഡനങ്ങൾ     ഭാഗം – രണ്ട്

### ലക്ഷ്യം

ക്രിസ്തുവിശ്വാസം ജീവിതമാകുമ്പോൾ പലതരത്തിലുള്ള എതിർപ്പുകൾ വരാം. ക്രൈസ്തവദർശനം പ്രായോഗികമാക്കുമ്പോൾ ശത്രുക്കളുമുണ്ടാകും. അപ്പോഴെല്ലാം, വിശ്വാസം കൈവിടാതെ സഹനത്തിലൂടെ ജീവിച്ച് ക്രിസ്തുവിൽ ധൈര്യം അവലംബിക്കണം. ക്രിസ്തുവിനും അവിടത്തെ ദൈവരാജ്യത്തിനും വേണ്ടി രക്തം ചിന്തി മരിക്കാൻ ഞാൻ തയ്യാറാകും.

### പഠന സഹായികൾ

* വിശുദ്ധ ദൈവസഹായം പിള്ളയുടെയും, വാഴ്ത്തപ്പെട്ട സിസ്റ്റർ റാണിമരിയായുടെയും ചിത്രം. ജീവചരിത്രം.
* Face of Faceless എന്ന സിനിമയിലെ സിസ്റ്റർ റാണിമരിയ വധിക്കപ്പെടുന്ന ഭാഗങ്ങളുടെ വീഡിയോ ക്ലിപ്പിംഗ്

### പാഠത്തിന്റെ ഉള്ളടക്കം

* മിലാൻ വിളംബരം – ക്രൈസ്തവസഭയ്ക്ക് പൂർണ്ണ സ്വാതന്ത്ര്യം
* പേർഷ്യൻ രാജാക്കന്മാരുടെ കാലതതെ മതമർദ്ദനം
* കുരിശുയുദ്ധങ്ങൾ – വിശുദ്ധനാട് സന്ദർശനത്തിനുള്ള സ്വാതന്ത്ര്യം
* മതവിചാരണ
* ഫ്രഞ്ചുവിപ്ലവവും, നെപ്പോളിയനും പീയൂസ് ഏഴാമൻ പാപ്പായുമായുള്ള ഉടമ്പടിയും

### പ്രാർത്ഥന

കാരുണ്യവാനായ ഈശോയെ, അപ്പസ്തോലന്മാരും, ആദിമ ക്രൈസ്തവരും, വിശുദ്ധരായ രക്തസാക്ഷികളും അങ്ങേപ്പോലെ രക്തം ചിന്തി പ്രാണൻ വെടിഞ്ഞത് വിശ്വാസം കാത്തുസൂക്ഷിക്കുവാനും, തിരുസഭയെ സുസ്ഥിരമാക്കാനും, സ്വർഗ്ഗം സ്വന്തമാക്കുവാനുമാണല്ലോ. ക്രൈസ്തവ വിശ്വാസ ജീവിതത്തിൽ നിന്ന് വഴുതിപ്പോകാനുള്ള പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ രക്തസാക്ഷികളായവരുടെ ജീവിതം ഞങ്ങളെ ഓർമ്മപ്പെടുത്തണമേ. ക്രിസ്തുവിന്റെ ദൈവരാജ്യത്തിനുവേണ്ടി ഒരുതുള്ളി രക്തമെങ്കിലും ചൊരിയാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

## ചോദ്യങ്ങൾ

1. ഭാരതത്തിൽ ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച വിശുദ്ധർ ആരെല്ലാം?
2. മിലാൻ വിളംബരത്തിന്റെ പ്രത്യേകത എന്ത്?
3. പേർഷ്യൻ സാമ്രാജ്യത്തിലെ രാജാക്കന്മാർ നടത്തിയ മതമർദ്ദനം - വ്യക്തമാക്കുക.
4. കുരിശുയുദ്ധവും കുരിശുയുദ്ധങ്ങളുടെ ഫലവും എഴുതുക.
5. ക്രൈസ്തവസഭയിൽ ഇൻക്വിസിഷൻ എന്തിനുവേണ്ടിയാണ് നടപ്പിലാക്കിയത്?